**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1417** **11-06-2019 ൽ മറുപടിക്ക്**

**പാട്ടവ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുവാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.ജെ.മാക്സി | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂഭൂമി പാട്ടത്തിന് നൽകിയ വകയിൽ ഓരോ വർഷവും സർക്കാരിന് ലഭിക്കേണ്ട പാട്ടത്തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | ഓരോ വർഷവും സ്വകാര്യ വ്യക്തികൾക്ക് ഒഴികെയുള്ള കേസുകളിൽ ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്ക് പ്രകാരം 16,10,26,969/- രൂപ സർക്കാരിന് പാട്ടക്കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. |
| (ബി) | ഇത്തരത്തിൽ നൽകിയ ഭൂമിയിൽ കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുക്കാനുണ്ട്; വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിൽ നൽകിയ ഭൂമിയിൽ പാട്ടക്കുടിശ്ശികയായി സ്വകാര്യ വ്യക്തികൾക്ക് ഒഴികെയുള്ള കേസുകളിൽ നാളിതുവരെ 1155 കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ട്. |
| (സി) | പാട്ടവ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമിയുടെ അളവ് ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള പാട്ടക്കുടിശ്ശിക എത്രയാണ്; ഇത് പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ; | (ഡി)യും (ഇ)യും | പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന സ്വകാര്യ വ്യക്തികൾ ഒഴികെയുള്ള കേസുകളിൽ നിന്നും 1155 കോടിയോളം രൂപ നാളിതുവരെ പാട്ടകുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്. ടി തുക പിരിച്ചെടുക്കുന്നതിനായി ടി കക്ഷികളെ നിയമാനുസൃണം നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും, പാട്ടകുടിശ്ശിക ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം ടി പാട്ടം റദ്ദ് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ ജില്ലാ തലത്തിൽ നടന്നു വരുന്നു. |
| (ഇ) | പാട്ടവ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**